# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2155 — 01.02.2018 — ൽ മറുപടിക്ക്

## സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ. എൻ. ഷംസീർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ മുഴുവനും അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (എ) ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ വിതരണത്തോത് കാർഡുടമകളെ SMS മുഖേന അറിയിക്കുന്നുണ്ട്. വിതരണത്തോത് മാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുകയും എല്ലാ റേഷൻ കടകളിലും പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 31.03.2018-നു മുമ്പ് എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യ ധാന്യ വിഹിതം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്. |

*സെക്ഷൻ ഓഫീസർ*